LIBRARY ARCHIVES Kerala Legislative Assembly

മലമേൽ പാറ ടൂറിസം പദ്ധതി

103(311) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനലൂർ മണ്ഡലത്തിലെ ഇടമുളക്കൽ പഞ്ചായത്തിൽപ്പെട്ട അറക്കൽ വില്ലേജിലെ മലമേൽ പാറ ടൂറിസം പദ്ധതി ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി ടൂറിസം വകുപ്പ് ഏറ്റെടുത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ; ആയതിന്റെ ഇതു വരെയുള്ള പ്രവർത്തനങ്ങൾ എവിടെവരെയായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പുനലൂർ മണ്ഡലത്തിലെ ഇടമുളക്കൽ പഞ്ചായത്തിൽപ്പെട്ട അറക്കൽ വില്ലേജിലെ മലമേൽ പാറ ടൂറിസം പദ്ധതി ഇക്കോടൂറിസം പദ്ധതി തുടങ്ങുന്നതിനുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കഠിനംകുളം-കൊല്ലമ്പുഴ ടൂറിസം പദ്ധതി

104(312) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഠിനംകുളം-കൊല്ലമ്പുഴ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായി ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഏതെല്ലാം ഭാഗത്താണ് നിർമ്മാണം നടക്കുന്നത് ; ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ ഭാഗമായിട്ടുള്ള അഞ്ചലാഫീസ് കെട്ടിട ഭാഗത്തെ നിർമ്മാണം നടത്തുന്നതിന് തടസമുണ്ടോ;എങ്കിൽ എന്താണതിന് കാരണം; പകരം എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിയുടെയും പ്രസ്തുത പ്രവൃത്തിയ്ക്ക് അനുവദിച്ച ഫണ്ടിന്റെയും കാലാവധി എത്രവർഷം വരെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പദ്ധതി പൂർണ്ണമായി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇതിന്റെ ഭാഗമായിട്ടുള്ള അഞ്ചലാഫീസിന്റെ നിർമ്മാണം പോസ്റ്റൽ വകുപ്പിന്റെ എതിർപ്പ് കാരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) കൊല്ലമ്പുഴ, പുളിമൂട്ടിൽ കടവ് എന്നീ ഭാഗങ്ങളിൽ പ്രവൃത്തികൾ നടന്നു വരുന്നു. M/S.SIDCO ആണ് ഇതിന്റെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത്.

(സി) തടസമുണ്ട്. പോസ്റ്റൽ വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടം വിട്ടുതരാത്തതാണ് കാരണം. പകരം സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങൾ ചിറയിൻകീഴ് പഞ്ചായത്ത് അധികൃതരിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ പരിഗണിക്കാവുന്നതാണ്.

(ഡി) ഇതിനായി 243.09 ലക്ഷം (രണ്ടുകോടി നാൽപ്പത്തി മൂന്ന് ലക്ഷത്തി ഒൻപതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 95 ലക്ഷം രൂപ 1-ാം ഘട്ടം എന്ന നിലയിൽ കിട്ടിയിട്ടുണ്ട്. ഇതിന്റെ കാലാവധി 30 മാസമാണ്.

ഫാം ടൂറിസം പദ്ധതി

105 (313) ശ്രീ. റ്റി. യു കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ടൂറിസം കേന്ദ്രമായ ഭൂതത്താൻകെട്ടിനെയും നേര്യമംഗലം കൃഷിഫാമിനേയും ഉൾപ്പെടുത്തി ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും ധന സഹായം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക വീതമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-സി) ഭൂതത്താൻ കെട്ടിന്റെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഡെസ്റ്റിനേഷൻ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കുകയും ആയത് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും, കേന്ദ്ര സർക്കാർ പദ്ധതി അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഇത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പ് ഇതുവരെ ലഭിച്ചിട്ടില്ല.

മണലൂർ നിയോജകമണ്ഡലത്തിലെ ടൂറിസം വികസന സാദ്ധ്യതകൾ

106 (314) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ കനോലിക്കനാൽ കേന്ദ്രീകരിച്ച് നടത്താവുന്ന ടൂറിസം വികസന സാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കണ്ടശ്ശാംകടവ് ബോട്ടുജെട്ടി, ഏനാമാവ് നെഹ്റു പാർക്ക്, ചേറ്റുവ, മുല്ലശ്ശേരി എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ബോട്ട് സർവ്വീസ് ഉൾപ്പെടെയുള്ള ടൂറിസം വികസന പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly